**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1223** **04-07-2022 - ൽ മറുപടിയ്ക്ക്**

**ശംഖുമുഖം റോഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം വിൻസെൻറ്** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | സമീപകാലത്ത് പണിപൂർത്തീകരിച്ച് സഞ്ചാരയോഗ്യമാക്കിയ ശംഖുമുഖം റോഡ് ഏതാനും ദിവസങ്ങൾക്കുള്ളിൽ തകർന്നു സഞ്ചാരയോഗ്യമല്ലാതെ ആയിത്തീർന്നതിന് പിന്നിലെ ക്രമക്കേട് സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; ഈ വിഷയത്തിൽ ഏതൊക്കെ ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷാ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; റോഡ് നിർമ്മാണ പ്രവൃത്തിയുടെ അടങ്കൽ തുക എത്രയായിരുന്നുവെന്ന് അറിയിക്കാമോ ? | (എ) | കടൽക്ഷോഭത്തിൽ തകർന്ന ശംഖുമുഖം റോഡ് പുനർനിർമ്മാണപ്രവൃത്തി നിലവിൽ പൂർത്തിയായിട്ടില്ല. റോഡിന്റെ ഡയഫ്രം വാൾ ബലപ്പെടുത്തൽ പ്രക്രിയയായ Anchoring പൂർത്തിയാക്കും മുമ്പുതന്നെ അടിയന്തര സാഹചര്യം പരിഗണിച്ച് റോഡ് 15.03.2022 ന് ഗതാഗതയോഗ്യമാക്കി താത്കാലികമായി തുറന്നു നൽകിയിരുന്നു. Anchoring പ്രവൃത്തി ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന സമയത്ത് റോഡ് പ്രതലത്തിൽ രണ്ടുഭാഗത്തായി ചെറിയ കുഴികൾ രൂപപ്പെട്ടിരുന്നു. രൂപപ്പെട്ട കുഴികൾ നിലവിൽ അടച്ചിട്ടുണ്ട്.<br><br>മുകളിൽ വിശദീകരിച്ചതനുസരിച്ച് Diaphram Wall -ന്റെ ബലം ഉറപ്പിക്കുന്ന പ്രവൃത്തിയായ anchoring റോഡ്, പ്രതലത്തിന് 1.5 മീറ്റർ അടിയിലൂടെ 12 മീറ്ററോളം നീളത്തിൽ കുറുകെ ബോറിംഗ് & ആങ്കറിംഗ് നടത്തിക്കൊണ്ടിരിക്കുന്നതിനാൽ, ശക്തമായ Horizontal water jetting ഉണ്ടാവുമ്പോൾ ചില Obstructions കാരണം soil displacement ഉണ്ടാവുകയും സ്വാഭാവികമായും റോഡ് പ്രതലത്തിൽ കുഴികൾ രൂപപ്പെടാൻ സാധ്യതയുമുണ്ട്. Anchoring പൂർത്തിയാക്കിയതിന് ശേഷം റോഡ് പ്രതലം പൂർണ്ണമായും ബലപ്പെടുത്തിയ ശേഷം മാത്രമേ റോഡിന്റെ സർഫസിംഗ് പ്രവൃത്തി പൂർത്തിയാക്കുകയുള്ളൂ. അതുകൊണ്ടുതന്നെ പ്രവൃത്തിയിൽ ക്രമക്കേടുകൾ ഒന്നും നടന്നിട്ടില്ല.<br><br>കടൽക്ഷോഭത്തിൽ തകർന്ന റോഡ് പുനർ നിർമ്മിക്കുന്ന പ്രവൃത്തി നടത്തുന്നത് തിരുവനന്തപുരം നഗരപാത വികസന പദ്ധതിയുടെ കൺസഷണർ ആയ തിരുവനന്തപുരം റോഡ് ഡെവലപ്പ്മെന്റ് കമ്പനി ലിമിറ്റഡ് ആണ്. പ്രസ്തുത പദ്ധതിയുടെ 2004-ലെ ആന്വിറ്റി കൺസഷണൻ എഗ്രിമെന്റിൽ |

| | | | |
|---|---|---|---|
| | | | നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥപ്രകാരം കേടുപാടുകൾ പരിഹരിക്കുന്നതിനായുള്ള വ്യവസ്ഥ ഉള്ളതിനാൽ ഇതിനായി സർക്കാരിൽനിന്നും ടെണ്ടർ നടപ്പിലാക്കുകയോ പ്രത്യേകമായി തുക നൽകുകയോ വേണ്ട. പദ്ധതിയുടെ കൺസഷൻ എഗ്രിമെന്റിൽ പ്രതിപാദിച്ചപ്രകാരമുള്ള sub base, base course, surfacing പ്രവൃത്തികൾ പൂർണ്ണ ഗുണനിലവാരം ഉറപ്പാക്കിയാണ് നടപ്പിലാക്കിവരുന്നത്. 22.02.2027 വരെ പരിപാലനം നടത്തേണ്ടത് പ്രസ്തുത കമ്പനി തന്നെയാണ്. |

സെക്ഷൻ ഓഫീസർ